**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2141** **03-03-2025 - ൽ മറുപടിയ്ക്ക്**

**ദന്ത രോഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ദന്തരോഗങ്ങൾ കൂടുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ആരോഗ്യ വകുപ്പിലെ ഡെന്റൽ ഹൈജീനിസ്റ്റുകളെ ബോധവത്കരണ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുമോ; അവർക്ക് ആഴ്ചയിൽ ഒരു ദിവസം ഫീൽഡ് ഡ്യൂട്ടി നിർബന്ധമാക്കുമോ; വ്യക്തമാക്കുമോ; | (എ) | ദന്തരോഗങ്ങൾ കൂടുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ആരോഗ്യ വകുപ്പിലെ ഡെന്റൽ ഹൈജീനിസ്റ്റുകളെ ബോധവത്കരണ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നുണ്ട് . സംസ്ഥാനത്തെ ആരോഗ്യവകുപ്പിന് കീഴിലെ ദന്തബോധവൽക്കരണ പ്രവർത്തനങ്ങളിലും ദന്തൽ ക്യാമ്പുകളിലും ഡെന്റൽ ഹൈജീനിസ്റ്റുകളുടെ സേവനം ലഭ്യമാക്കാറുണ്ട്. നിലവിൽ ഇതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണയിൽ ഇല്ല . |
| (ബി) | സംസ്ഥാനത്ത് എത്ര ശതമാനം പേർക്കാണ് വിവിധ ദന്തരോഗങ്ങൾ ബാധിച്ചിട്ടുള്ളത് എന്ന് പറയാമോ; | (ബി) | സംസ്ഥാനത്തെ ആരോഗ്യവകുപ്പിന് കീഴിലെ വിവിധ ഡന്തൽ യൂണിറ്റികളിലായി 2023 -2024 കാലയളവിൽ 15,61,948 പേർ ചികിത്സയ്ക്കായി സമീപിച്ചിട്ടുണ്ട്. ആയത് കേരള ജനസംഖ്യയുടെ 4.48 ശതമാനം ആണ്. |
| (സി) | ഈ സാഹചര്യത്തിൽ അംഗൻവാടി കുട്ടികൾക്കും, സ്കൂൾ കുട്ടികൾക്കും ഡെന്റൽ ഹൈജീൻ ബോധവത്കരണ ക്ലാസ്സുകൾ നടത്താൻ ആരോഗ്യ വകുപ്പിലെ ഡെന്റൽ ഹൈജീനിസ്റ്റുകൾക്ക് ചുമതല നൽകുമോ; വ്യക്തമാക്കുമോ? | (സി) | നിലവിൽ ഇത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണയിൽ ഇല്ല . |

സെക്ഷൻ ഓഫീസർ